റാവുസാഹിബ്ബ് എ. മാധവപ്രഭ: ഈ കാര്യത്തിൽ പലർക്കും പല അഭിപ്രായമുണ്ട്. എല്ലാവരുടെയും അഭിപ്രായം കേട്ടു ന്യായമാണെന്നു തോന്നുന്നതേ തീരുമാനിയ്ക്കാൻ നിവർത്തിയുള്ളൂ.

മിസ്റ്റർ പി. കെ. ഡീവർ: സ്ഥലം ആവശ്യക്കാരായവർ ആദ്യം ഈ സ്ഥലം വേണ്ടെന്നും തങ്ങൾ താമസിച്ചിരുന്ന സ്ഥലം തന്നെ അകപയർ ചെയ്തു കൊടുത്താൽ മതിയെന്നും പറഞ്ഞിരുന്നില്ലേ?

റാവുസാഹിബ്ബ് എ. മാധവപ്രഭ: ഒരാൾ ആദ്യം തന്നെ ഈ സ്ഥലം വേണ്ടയെന്നു പറഞ്ഞു. എന്നാൽ അവർ ആവശ്യപ്പെട്ട സ്ഥലം തന്നെ വാങ്ങി കൊടുക്കാൻ പ്രയാസമുണ്ട്.

മിസ്റ്റർ പി. ടി ജേക്കബ്ബ്: പള്ളുരുത്തിയിൽ വാലഴകാളനി ഉണ്ടാക്കേണ്ട ആവശ്യം വന്നതു ഗവൺമെണ്ടു ഒരു പൊതു ആവശ്യത്തിനുവേണ്ടി സ്ഥലം അകപയർ ചെയ്തു അവരെ പറത്താക്കിയതിന്റെ ഫലമായിട്ടല്ലേ?

റാവുസാഹിബ്ബ് എ. മാധവപ്രഭ: അല്ല.

മിസ്റ്റർ പി. ടി. ജേക്കബ്ബ്: ഇങ്ങിനെ പ്രൈവറ്റ് ആവശ്യത്തിലേയ്ക്കു് ഏതാനും വ്യക്തികളുടെ വീടു് അവരുടെ സമ്മതത്തോടുകൂടെ വില വാങ്ങി ഒഴിഞ്ഞു പോവുകയാണെങ്കിൽ അങ്ങിനെയുള്ളവർക്കു അവർ ഏതു സമുദായത്തിൽപെട്ടവരായാലും ഈ വിധത്തിലുള്ള കോളനികൾ ഗവൺമെണ്ടു ഉണ്ടാക്കികൊടുക്കാമൊ?

റാവുസാഹിബ്ബ് എ. മാധവപ്രഭ: ഇതു് പൊതുവായ ഒരു ചോദ്യമായതുകൊണ്ടു് ഉത്തരം പറയാൻ സാദ്ധ്യമല്ല.

മിസ്റ്റർ പി. ടി. ജേക്കബ്ബ്: വാലന്മാരുടെ കോളനിയ്ക്കു സ്ഥലം കൊടുത്തതു പോലെ ക്രസ്ത്യാനികളും, നായന്മാരോ, അല്ലെങ്കിൽ അതുപോലെയുള്ള സമുദായത്തിലെ സാധുക്കളുടെ ആവശ്യം വരുമ്പോൾ കോളനിക്കുള്ള സ്ഥലം കൊടുക്കുമോ?

റാവു സാഹിബ്ബ് എ. മാധവപ്രഭ: അങ്ങിനെയുള്ള അപേക്ഷവരുമ്പോൾ ആലോചിയ്ക്കാം.

മിസ്റ്റർ കെ. കെ. കണ്ണൻ: "ഈഴവരും മറവും" എന്നു പറഞ്ഞിട്ടുണ്ടു്. മറവു എന്നു് പറഞ്ഞതു് ആരെ ഉദ്ദേശിച്ചാണു്?

റാവു സാഹിബ്ബ് എ. മാധവപ്രഭ: ഒരു മുസ്ലീം അവിടെ ഉണ്ടോ എന്നു സംശയമുണ്ടു്.

മിസ്റ്റർ കെ. കെ. കണ്ണൻ: ഈ ഫ ഫ വീട്ടുകാരേയും, മറവുള്ള ആളുകളേയും ഉൾപ്പെടുത്തിക്കൊണ്ടു ഈ സ്ഥലം അകപയർ ചെയ്യണമെന്നു അവർ ആവശ്യപ്പെട്ടിട്ടുള്ളതല്ലേ

റാവു സാഹിബ്ബ് എ. മാധവപ്രഭ: അങ്ങിനെ ആവശ്യപ്പെട്ടിട്ടുണ്ടോ എന്നു സംശയമാണു്.

മിസ്റ്റർ പി. കെ. ഡീവർ: കോളനിയ്ക്കു സ്ഥലമെടുക്കുമ്പോൾ ആ സ്ഥലത്തു താമസിച്ചുകൊണ്ടിരിക്കുന്ന ആളുകൾക്കു് അവിടെ താമസിക്കാൻ വിരോധമില്ലാത്തവിധം അവരേയുംകൂടി തങ്ങളുടെ കൂടെ ചേർത്തു് എടുത്തുകൊടുത്താൽ മതിയെന്നു ആവശ്യക്കാർ സ്റ്റേറ്റ്മെണ്ടു് കൊടുത്തിട്ടില്ലേ? ദിവാൻപേഷ്കാർ അതനുസരിച്ചു ഗവൺമെണ്ടിലേക്കു് റിപ്പോർട്ടും ചെയ്തിട്ടില്ലേ?

റാവു സാഹിബ്ബ് എ. മാധവപ്രഭ: അവസാനകാലത്തു അങ്ങിനെ ചിലർ പറഞ്ഞിട്ടുണ്ടു്.

മിസ്റ്റർ പി. നാരായണമേനോൻ: ഓരോ ജാതിക്കാർക്കും പ്രത്യേകം പ്രത്യേകം കോളനികൾ സൃഷ്ടിച്ചു അവരെ പ്രത്യേകം പ്രത്യേകം താമസിപ്പിച്ചാൽ സമുദായങ്ങൾ തമ്മിലുള്ള സൌഹാർദ്ദം ഇല്ലാതാകും എന്നു ഗവൺമെണ്ടിനറിയാമോ?

Mr. President: That is a general question. That does not come under this question.

VYPEEN-PALLIPPURM ROAD—CONSTRUCTION OF

283 ചൌധരി ജി. എസ്സ്. ധാരാസിംഗ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവൺമെണ്ടു ദയവായി മറുപടി പറയുമോ.—

വൈപ്പീൻ-പള്ളിപ്പുറം റോഡിന്റെ പണി എത്രത്തോളമായി; എത്ര കൊല്ലത്തിനുള്ളിൽ പണി മുഴുവനാകും?

LIBRARY ARCHIVES Kerala Legislative Assembly

റാവുസാഹിബ്ബ് കെ. അയ്യപ്പൻ:

വൈപ്പിൻ-പള്ളിപ്പുറം റോഡിനു വേണ്ടതായ സ്ഥലം അകപയർ ചെയ്തുവരുന്നുണ്ട്. ഫ ഫ ഫ ര-ൽ എല്ലാ പണിയും കഴിക്കാമെന്നുദ്ദേശിക്കുന്നു.

ഡബ്ലു. ചൌധരി ജി. എസ്സ്. ധാരാസിംഗ്: വൈപ്പിൻ–പള്ളിപ്പുറം റോഡിനു് എത്ര അടി വീതിയിൽ സ്ഥലമെടുക്കുന്നുണ്ടു്?

റാവു സാഹിബ്ബ് കെ. അയ്യപ്പൻ: ര ഠ അടി വീതിയിൽ.

മിസ്റ്റർ എം. കെ. വർഗ്ഗീസ്സ്: ഫ ഫ–ൽ അകപിസിഷൻ മാത്രമേ നടന്നിട്ടുള്ളുവോ?

റാവു സാഹിബ്ബ് കെ. അയ്യപ്പൻ: വൈപ്പിൽനിന്നു് ഞാറക്കൽവരെ അകപിസിഷൻ അവാർഡ് തയ്യാറാക്കീട്ടുണ്ടു്. അവിടെനിന്നു അങ്ങോട്ടു് അകപിസിഷന്റെ ആവശ്യമില്ല. ഇപ്പോഴുള്ള റോഡ്തന്നെ നന്നാക്കിയാൽ മതി.

മിസ്റ്റർ എം. കെ. വർഗ്ഗീസ്സ്: ഈ റോഡു പണിയുടെ ടെണ്ടർ ആവശ്യപ്പെട്ടിട്ടുണ്ടോ?

റാവു സാഹിബ്ബ് കെ. അയ്യപ്പൻ: ടെണ്ടർ വിളിച്ചുകൊടുത്തിട്ടുണ്ടു്.

മിസ്റ്റർ എം. കെ. വർഗ്ഗീസ്സ്: കരാർ ഉറപ്പിച്ചുവോ?

റാവു സാഹിബ്ബ് കെ. അയ്യപ്പൻ: ഉറപ്പിച്ചു.

മിസ്റ്റർ പി. എ. മുഹമ്മത് അഷ്റഫ്: ആ റോഡിൽ ഫുട്പാത്തുണ്ടാക്കാൻ ഉദ്ദേശമുണ്ടോ?

റാവു സാഹിബ്ബ് കെ. അയ്യപ്പൻ: ര ഠ അടി വീതിയിലാണു് റോഡിനു് സ്ഥലമെടുത്തിട്ടുള്ളതു്. ഫുട്പാത്തും മറവും അവിടെ വേണ്ടിവരുമെന്നതോന്നുന്നില്ല.

മിസ്റ്റർ പി. എ. മുഹമ്മത് അഷ്റഫ്: വീതി പോയെന്ന നിലയിൽ ഇത്രയും സ്ഥലം അകപയർ ചെയ്യേണ്ടിവരുമോ?

റാവു സാഹിബ്ബ് കെ. അയ്യപ്പൻ: ഈ റോഡിനു് വേണ്ടിവരുകയില്ല.

LABOUR DISPUTES—ADJUDICATION OF

284 മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെണ്ടു ദയവായി മറുപടി പറയുമോ.—

(എ) ഫ ഫ ഫ-ൽ കൊച്ചിയിൽ ആകെ എത്ര പണിമുടക്കങ്ങൾ ഉണ്ടായിട്ടുണ്ടു്;
(ബി) ഓരോന്നിലും ഏർപ്പെട്ട തൊഴിലാളികളുടെ എണ്ണം എത്ര;
(സി) ഏതെല്ലാം തൊഴിൽ തക്കങ്ങളാണു് അഡ്ജൂഡിക്കേഷനു വെച്ചതു്;
(ഡി) അവയിൽ ഏർപ്പെട്ട തൊഴിലാളികൾ എത്ര;
(ഇ) ഏതെല്ലാം കേസ്സുകളിലാണു് ഇപ്പോൾ അഡ്ജൂഡിക്കേഷൻ നിലവിലുള്ളതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ആകെ ഫ ൻ പണിമുടക്കങ്ങൾ ഉണ്ടായതായി അറിവുണ്ടു്.
(ബി) കണക്കെടുത്തിട്ടില്ല.
(സി) (ക) അളഗപ്പ ടെക്സ്റ്റയിൽസ്.
(ഖ) കൊച്ചിൻ പോട്ടറീസ്സ്.
(ഗ) സീതാറാം സ്പിന്നിങ്ങ് ആൻറ് വീവിങ്ങ് കമ്പനി.
(ഘ) സ്റ്റാണ്ടേർഡ് വാകും ഓയിൽ കമ്പനി.
(ങ) കൊക്കാലെ റൈസ് ആൻറ് ഓയൽ കമ്പനി
(ച) ഗുഡ്ഡിവപേത്തുർ റബ്ബർ വർക്സ്.
(ഛ) ടാറാ ഓയിൽ മിൽസ്.
(ജ) ബർമ്മാ ഷെൽ ഓയിൽ കമ്പനി.
(ഝ) വെള്ളാനിക്കര തട്ടിൽ റബ്ബർ എസ്റ്റേറ്റ് ഫാക്ടറി.
(ഞ) കരുവന്തുരുള്ള ഓട്ടുകമ്പനി കമ്പനി.
(ട) കൊച്ചിൻ സ്റ്റേറ്റ് പവ്വർ ആൻറ് ലൈറ്റ് കോർപ്പറേഷൻ.
(ഠ) സ്റ്റാണ്ടേർഡ് വാകും ഓയിൽ കമ്പനി (രണ്ടാംതവണ).
(ഡി) കണക്കെടുത്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly